(ബി) നടപ്പു സാമ്പത്തിക വർഷം ഏതെല്ലാം പി.ഡബ്ല്യു.ഡി. വർക്കുകൾക്ക് അഡീഷണൽ ആതറൈസേഷൻ വഴി ഫണ്ട് അനുവദിക്കുകയുണ്ടായി ; ഓരോ വർക്കിന്റെയും എസ്റ്റിമേറ്റ് തുക അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ച തുക, തീയതി, പേരു വിവരം എന്നിവ നിയോജകമണ്ഡലാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ ;

(സി) അഡീഷണൽ ആതറൈസേഷൻ വഴി മറ്റ് ഏതെല്ലാം പ്രോജക്ടുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട് ; ഓരോ പ്രോജക്ടിന്റെയും എസ്റ്റിമേറ്റ് തുകയും അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ച തുകയും പേരുവിവരവും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഭരണാനുമതി നല്കിയതും ചീഫ് എൻജിനീയറുടെ റിപ്പോർട്ടും ഭരണവകുപ്പിന്റെ നിർദ്ദേശവും കണക്കിലെടുത്ത് ഗവൺമെന്റിന്റെ സാമ്പത്തിക നിലയുടെയും അടിസ്ഥാനത്തിലാണ് അഡീഷണൽ ആതറൈസേഷൻ വഴി ഫണ്ട് അനുവദിക്കുന്നത്.

(ബി) അനുബന്ധം രണ്ടിൽ പറയും പ്രകാരമാണ്.†

(സി) അനുബന്ധം ഒന്നിൽ പറയും പ്രകാരമാണ്.†

**. അഡീഷണൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി**

**36 (1091)** ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പാറശ്ശാല ആടുവളർത്തൽ കേന്ദ്രത്തിൽ ഇറിഗേഷനും ഇലക്ട്രിഫിക്കേഷനും നടത്തുന്നതിന് അഡീഷണൽ ഫണ്ട് ആവശ്യമാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പണികൾക്ക് മതിയായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

---

†അനുബന്ധം III (a,b)

LIBRARY ARCHIVES Kerala Legislative Assembly